**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3828** **03-03-2023 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ കെ-ഫോൺ പദ്ധതിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ കെ-ഫോൺ പദ്ധതിയുടെ ഭാഗമായി എത്ര സർക്കാർ ഓഫീസുകളിൽ സൗജന്യ ഇന്റർനെറ്റ് കണക്ഷൻ നൽകിയിട്ടുണ്ട്; വിശദീകരിക്കാമോ ; | (എ) | മലപ്പുറം ജില്ലയിൽ നിലവിൽ 3005 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും അതിൽ 1522 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾക്ക്/ സ്ഥാപനങ്ങൾക്ക് കെ-ഫോൺ മുഖേനെ സൗജന്യമായി ഇന്റർനെറ്റ് സേവനം നൽകാൻ സർക്കാർ തീരുമാനിച്ചിട്ടില്ല. |
| (ബി) | പദ്ധതി പ്രകാരം എത്ര ബി.പി.എൽ. കുടുംബങ്ങൾക്കാണ് സൗജന്യ ഇന്റർനെറ്റ് കണക്ഷൻ നൽകുന്നത്; 2022 ഡിസംബറിൽ പൂർത്തീകരിക്കുമെന്ന് അറിയിച്ചിരുന്ന പദ്ധതിയുടെ നിലവിലെ പുരോഗതി വിശദീകരിക്കാമോ; | (ബി) | ആദ്യഘട്ടത്തിൽ, ഓരോ നിയമസഭാ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 100 കുടുംബങ്ങൾക്ക് വീതം ആകെ 14,000 കുടുംബങ്ങൾക്ക് ആണ് സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്. അത് പ്രകാരം 7569 ഗുണഭോക്താക്കളുടെ പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇതിൽ അയ്യായിരത്തോളം വീടുകളിലേക്ക് കണക്ഷൻ നൽകുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്രസ്തുത സൗജന്യ കണക്ഷൻ ലഭിക്കുന്ന, മലപ്പുറം നിയോജക മണ്ഡലത്തിലെ, ഗുണഭോക്താക്കളുടെ അന്തിമ പട്ടിക തയ്യാറാക്കിയിട്ടില്ല. സ്ഥാപനങ്ങൾക്ക് കെ-ഫോൺ മുഖേനെ സൗജന്യമായി ഇന്റർനെറ്റ് സേവനം നൽകാൻ സർക്കാർ തീരുമാനിച്ചിട്ടില്ല. മലപ്പുറം നിയോജക മണ്ഡലത്തിലെ 172 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും അതിൽ 143 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | കെ-ഫോൺ സൗജന്യ ഇന്റർനെറ്റ് പദ്ധതിയിൽ | (സി) | ആദ്യഘട്ടത്തിൽ, ഓരോ നിയമസഭാ മണ്ഡലത്തിൽ |

| | | | |
|---|---|---|---|
| | മലപ്പുറം നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ ഏതെല്ലാം; മണ്ഡലത്തിൽ എത്ര വീടുകൾക്കാണ് കണക്ഷൻ നൽകുന്നത്; വ്യക്തമാക്കാമോ; | | നിന്നും തെരഞ്ഞെടുക്കപ്പെടുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 100 കുടുംബങ്ങൾക്ക് വീതം ആകെ 14,000 കുടുംബങ്ങൾക്ക് ആണ് സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്. അത് പ്രകാരം 7569 ഗുണഭോക്താക്കളുടെ പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇതിൽ അയ്യായിരത്തോളം വീടുകളിലേക്ക് കണക്ഷൻ നൽകുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്രസ്തുത സൗജന്യ കണക്ഷൻ ലഭിക്കുന്ന, മലപ്പുറം നിയോജക മണ്ഡലത്തിലെ, ഗുണഭോക്താക്കളുടെ അന്തിമ പട്ടിക തയ്യാറാക്കിയിട്ടില്ല. സ്ഥാപനങ്ങൾക്ക് കെ-ഫോൺ മുഖേനെ സൗജന്യമായി ഇന്റർനെറ്റ് സേവനം നൽകാൻ സർക്കാർ തീരുമാനിച്ചിട്ടില്ല. മലപ്പുറം നിയോജക മണ്ഡലത്തിലെ 172 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും അതിൽ 143 ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | കെ-ഫോൺ പദ്ധതി മലപ്പുറം ജില്ലയിൽ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് അറിയിക്കാമോ? | (ഡി) | മലപ്പുറം ജില്ലയിൽ റോഡ് വികസനവുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുന്ന ഭാഗങ്ങൾ ഒഴികെയുള്ള പ്രദേശങ്ങളിലെ സർക്കാർ ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ 2023 മാർച്ച് 31-നു മുൻപായി കെ-ഫോൺ മുഖേനെ ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്താനാണ് നിലവിൽ ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ